**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2310** **03-03-2025 - ൽ മറുപടിയ്ക്ക്**

**നീർച്ചാലുകളുടെ ശുചീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 'ഇനി ഞാനൊഴുകട്ടെ' എന്ന ജനകീയ ക്യാമ്പെയിനിലൂടെ സംസ്ഥാനത്ത് എത്ര നീർച്ചാലുകൾ ശുചീകരിച്ച് സുഗമമായ നീരൊഴുക്ക് സാധ്യമാക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ നീർച്ചാലുകൾ ജനകീയമായി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2017 മുതൽ ആരംഭിച്ചിരുന്നു. തുടർന്ന് 'ഇനി ഞാനൊഴുകട്ടെ' എന്ന പേരിൽ നീർച്ചാൽ വീണ്ടെടുക്കലിന് ഒരു ക്യാമ്പയിൻ 2019 ഡിസംബറിൽ ആരംഭിച്ചു. അതിന്റെ ഭാഗമായി 2017 മുതൽ 2021 മാർച്ച് വരെ 45736 കി.മീ നീളത്തിലും 2021 ഏപ്രിൽ മുതൽ 2025 ജനുവരി വരെ 40208 കി.മീ നീളത്തിലും നീർച്ചാൽ പുനരുജ്ജീവിക്കപ്പെട്ടിട്ടുണ്ട്. ക്യാമ്പയിന്റെ മൂന്നാം ഘട്ടത്തിൽ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലായി സംസ്ഥാനത്തെ 4095 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. |
| (ബി) | തൃശ്ശൂർ ജില്ലയിൽ എത്ര നീർച്ചാലുകൾ ശുചീകരിച്ച് സുഗമമായ നീരൊഴുക്ക് സാധ്യമാക്കിയെന്ന് വിശദമാക്കുമോ? | (ബി) | ഹരിതകേരളം മിഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ 2017 മുതൽ 2021 മാർച്ച് വരെ 2039 കി.മീ നീളത്തിലും 2021 ഏപ്രിൽ മുതൽ 2025 ജനുവരി വരെ 1906 കി.മീ നീളത്തിലും നീർച്ചാൽ പുനർജ്ജീവിപ്പിച്ചിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാം ഘട്ടത്തിൽ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലായി തൃശ്ശൂർ ജില്ലയിൽ ഇതുവരെ 56.89 കി. മി നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. |

സെക്ഷൻ ഓഫീസർ